(ഡി) കെൽട്രോണും സാമ്പത്തിക പ്രതിസന്ധിനേരിടുന്ന സാഹചര്യത്തിൽ, ഫണ്ടിന്റെ ലഭ്യതയനുസരിച്ചു നൽകുന്നതാണ്.

## കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ സമഗ്ര വികസനം

**22 (3097)** ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ സമഗ്ര വികസനത്തിനായി എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ വ്യവസായത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി അടിയന്തിര നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കേരളാ ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ കുണ്ടറ, മാമല, ഒലവക്കോട് യൂണിറ്റുകളുടെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ഉദ്ദേശമുണ്ട്. ആകെ 1410 ലക്ഷം രൂപയോളം ചെലവ് ഇതിന് പ്രതീക്ഷിക്കുന്നു.

(ബി)&(സി) ഓരോ യൂണിറ്റിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾക്കായി കണക്കാക്കിയിട്ടുള്ള ഏകദേശ ചെലവ് ഇപ്രകാരമാണ്.

| | | |
|---|---|---|
| കുണ്ടറ | - | 420 ലക്ഷം രൂപ |
| മാമല | - | 540 ലക്ഷം രൂപ |
| ഒലവക്കോട് | - | 450 ലക്ഷം രൂപ |
| ആകെ | - | 1410 ലക്ഷം രൂപ |

ഇതു പ്രകാരമുള്ള വികസന പ്രവർത്തനം നടത്തുന്നതിന് ഉദ്ദേശമുണ്ട്; നടപടികൾ സ്വീകരിച്ചുവരുന്നു.

## യുണൈറ്റഡ് ഇലക്ട്രിക്കൽ വ്യവസായത്തിന്റെ സമഗ്ര വികസനം

**23 (3098)** ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലത്തെ യുണൈറ്റഡ് ഇലക്ട്രിക്കൽ വ്യവസായത്തിന്റെ സമഗ്ര വികസനത്തിനായി എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ വ്യവസായത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി അടിയന്തിര നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇതു സംബന്ധിച്ച പദ്ധതികളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## കൊല്ലകടവ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ സിഡ്കോയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന സ്ഥലം

**24 (3099)** ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലകടവ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ സിഡ്കോയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന സ്ഥലം എത്രപേർക്ക് ഇതുവരെ വ്യവസായ സംരംഭങ്ങൾക്ക് വിലയ്ക്ക് നൽകിയിട്ടുണ്ട്;

(ബി) ഇവിടെ സ്ഥലവും കെട്ടിടവും വിലയ്ക്കു നൽകിയത് എത്ര പേർക്കാണ്;

(സി) ഇതിൽ എത്രപേർക്ക് പട്ടയം നൽകിയിട്ടുണ്ട്;

(ഡി) പട്ടയം നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഇ) വില നൽകി വസ്തുവും കെട്ടിടവും സംരംഭകർക്ക് അടിയന്തിരമായി പട്ടയം നൽകുന്നതിന് നടപടിയെടുക്കുവാൻ സിഡ്കോയോട് ആവശ്യപ്പെടുമോ?

ഉത്തരം

(എ) താൽക്കാലിക വിലയുടെ അടിസ്ഥാനത്തിൽ ഇരുപത്തിമൂന്നു പേർക്ക് സ്ഥലം മാത്രമായോ, കെട്ടിടത്തോടു കൂടിയോ നൽകിയിട്ടുണ്ട്.

(ബി) രണ്ടു പേർക്ക്.

(സി) ആർക്കും നൽകിയിട്ടില്ല.

(ഡി)&(ഇ) കൊല്ലകടവ് എസ്റ്റേറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പട്ടയം സിഡ്കോയ്ക്ക് ലഭിച്ചാലേ സംരംഭകർക്ക് പട്ടയം നൽകുന്ന കാര്യം പരിഗണിക്കാനാവൂ.

## വ്യവസായ വകുപ്പിന് അനുവദിച്ച ബഡ്ജറ്റ് തുക

**25 (3100)** ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. എ.വി. അബ്ദു റഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly